കേരള കലാമണ്ഡലത്തിന് വനിതാ വൈസ് ചാൻസലർ വേ
നിർദ്ദേശമുയർന്നതോടെ സ്ഥാനത്തിനായി പോരാട്ടം മുറു

# ഗവേഷണ ഫലങ്ങൾ കൃഷിഭൂമിയിൽ എത്തിക്കും: രാധാമോഹൻ സിങ്

ജന്മഭൂമി 30/9/16



കായംകുളം സിപിസിആർഐയിൽ നടക്കുന്ന ദേശീയ കർഷക സംഗമം കേന്ദ്രമന്ത്രി രാധാമോഹൻസിങ് ഉദ്ഘാടനം ചെയ്യുന്നു. സിപിസിആർഐ ഡയറക്ടർ ഡോ.പി. ചൗഡപ്പ, കെ.സി. വേണുഗോപാൽ എംപി, മന്ത്രി വി.എസ്. സുനിൽകുമാർ തുടങ്ങിയവർ വേദിയിൽ

**സ്വന്തം ലേഖകൻ**

**കായംകുളം(ആലപ്പുഴ):** കാർഷിക മേഖലയിലെ ഗവേഷണ ഫലങ്ങളും പുതിയ സാങ്കേതിക വിദ്യകളും കർഷകർക്ക് അനുഭവവേദ്യമാക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുമെന്നും 'ലാബ് ടു ലാൻഡ്' എന്നതിന് സർക്കാർ മുൻഗണന നൽകുമെന്നും കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി രാധാമോഹൻ സിങ്. കേന്ദ്രതോട്ടവിള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കായംകുളം സിപിസിആർഐ പ്രാദേശിക കേന്ദ്രത്തിൽ ദേശീയ കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പുതിയ സാങ്കേതിക വിദ്യകൾ കർഷകർക്ക് കൈമാറാൻ മൂന്നുമാസത്തിലൊരിക്കൽ കൃഷിയുമായി ബന്ധപ്പെടുന്ന ജില്ലാ തല ഉദ്യോഗസ്ഥരും ഗവേഷണ രംഗത്തുള്ളവരും ഒരുമിച്ച് കൂടുന്നതിനുള്ള വേദിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. പ്രധാനമന്ത്രിയുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ റോഡ് എത്തിക്കാനുള്ള പദ്ധതിയും ജലസേചന പദ്ധതികളും കൃഷിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായിച്ചിട്ടുണ്ട്. കരിഞ്ചന്ത ഒഴിവാക്കി കർഷകർക്ക് യൂറിയ എത്തിച്ചുനൽകാനുള്ള കേന്ദ്രപദ്ധതി ഫലം കണ്ടു. കേന്ദ്ര സർക്കാരിന്റെ വിഹിതം വിനിയോഗിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും വിവിധ പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കൂടുതൽ തുക കേരളത്തിന് അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.